(ഡി) അടിയന്തിര സഹായം നല്കുന്നതു റവന്യൂ വകുപ്പ് മുഖേനയാണ്. നാശനഷ്ടങ്ങളുടെ കണക്ക് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്.

(ഇ ആന്റ് എഫ്) പ്രത്യേക സാമ്പത്തിക സഹായം പരിഗണനയിലാണ്.

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ 2001-02, 2002-03, 2003-04 എന്നീ സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉൾപ്പെടുത്തി വീടുവയ്ക്കാൻ സഹായധനം

102 [1905] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽപ്പെട്ട ഏലത്തൂർ പഞ്ചായത്തിലെ പുതിയാപ്പയിൽ 2001-02, 2002-03, 2003-04 എന്നീ സാമ്പത്തിക വർഷത്തിൽ എത്രപേർക്ക് ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉൾപ്പെടുത്തി വീട് വെച്ചുകൊടുക്കുവാൻ സഹായധനം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) വീടുകളുടെ അറ്റകുറ്റപണി നിർവ്വഹിക്കാനായി ഈ കടപ്പുറത്ത് 2003—2004-ൽ എത്ര പേർക്ക് സഹായധനം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) 2004-2005-ൽ വീട് പണിയാനും അറ്റുകുറ്റ പ്രവൃത്തികൾക്കുമായി സഹായധനം ലഭിക്കാൻ എത്രപേരിൽനിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)	2001—2002	..	23 പേർ
	2002—2003	..	ഇല്ല
	2003—2004	..	16

(ബി) ആർക്കും നൽകിയിട്ടില്ല.

(സി) ഇതുവരെ അപേക്ഷ ക്ഷണിച്ചിട്ടില്ല. അപേക്ഷ ക്ഷണിക്കുവാനുള്ള നടപടി നടന്നുവരുന്നു.

തീരദേശവാസികൾക്ക് പട്ടയമോ കൈവശരേഖയോ നൽകാൻ നടപടി

103 [1906] ശ്രീ. ഡി. സുഗതൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര, അമ്പലപ്പുഴ, പുറക്കാട് എന്നീ തീരപ്രദേശങ്ങളിൽ അനേകവർഷങ്ങളായി താമസിച്ചുവരുന്നവർക്ക് ഭൂമി സംബന്ധിച്ച് യാതൊരുരേഖയും കിട്ടിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം സർക്കാരിൽനിന്നുള്ള യാതൊരു ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികളായ ഈ താമസക്കാർക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ തൊഴിലാളികൾക്ക് പട്ടയമോ കൈവശരേഖയോ നൽകാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ, ബി ആന്റ് സി) തീരപ്രദേശങ്ങളിൽ പലയിടത്തും താമസിക്കുന്ന മത്സ്യ ത്തൊഴിലാളികൾക്ക് ഭൂമി സംബന്ധിച്ച യാതൊരു രേഖയും കിട്ടിയിട്ടില്ലെന്നും ഇതു മൂലം സർക്കാരിൽ നിന്നുള്ള പല ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്നുമുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി 22-6-2004-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 22/04 മതുവപ്രകാരം തീര ദേശവാസികൾക്ക് കൈവശരേഖ, താൽക്കാലിക വീട്ട് നമ്പർ, റേഷൻകാർഡ്, വൈദ്യുതി എന്നിവ ഉടൻ നൽകുവാൻ സർക്കാർ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകി യിട്ടുണ്ട്.

പുതുതായി തുടങ്ങാൻ തീരുമാനിച്ച വിദേശമദ്യഷാപ്പുകൾ

104 [1907] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള അബ്കാരി നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ മാസവും ഒന്നാം തീയതി വിദേശമദ്യഷാപ്പുകളും ബാറുകളും അടച്ചിടണമെന്ന ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പുതുതായി തുടങ്ങാൻ തീരുമാനിച്ച വിദേശമദ്യ ചില്ലറ വില്പന ശാലകൾ എന്നുമുതൽ തുടങ്ങും എന്ന് വ്യക്തമാക്കുമോ;

(ഡി) പുതുതായി വിദേശമദ്യഷാപ്പുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് തീരുമാനിക്കാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) പുതുതായി എത്ര വിദേശമദ്യഷാപ്പുകളും ബാറുകളും കഴിഞ്ഞ 3 വർഷ ത്തിനുള്ളിൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാറ്റം വരുത്തിയിട്ടില്ല.

(ബി) പിൻവലിച്ചിട്ടില്ല.

(സി ആന്റ് ഡി) ഇക്കാര്യത്തിൽ സർക്കാർ ഒരു തീരുമാനം എടുത്തിട്ടില്ല.

(ഇ) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 106 വിദേശമദ്യ ഷാപ്പുകളും 48 ബാറുകളും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly